# ജയചന്ദ്രൻ: മായാത്ത ഓർമ്മ

**പ്രശസ്ത പത്രപ്രവർത്തകനായിരുന്ന (മാതൃഭൂമി, സദ്‌വാർത്ത, ഏഷ്യാനെറ്റ്) കെ.ജയചന്ദ്രന്റെ (1951–1998) ഒന്നാം ചരമവാർഷികത്തിൽ അദ്ദേഹത്തിന്റെ സുഹൃത്തും സഹപ്രവർത്തകനുമായ കെ.രാജഗോപാൽ**

വാർത്തയ്ക്ക് ഒരു പുതിയ നിർവ്വചനം നല്കാൻ കഴിഞ്ഞതാണ് കെ.ജയചന്ദ്രന്റെ സംഭാവന. സാധാരണക്കാരനും, അവന്റെ പ്രശ്നങ്ങളും മുഖ്യധാരാ മാധ്യമങ്ങൾക്ക് വാർത്തയാവുമെന്ന് ജയചന്ദ്രൻ തിരുത്തുകയായിരുന്നു. 'മുഖ്യധാരയിൽ' നിന്ന് വ്യതിചലിച്ചുകൊണ്ടുള്ള അന്വേഷണം അതുകൊണ്ടു തന്നെ പലതലങ്ങളിൽ, പല വേഷങ്ങളിൽ ജയചന്ദ്രനെ വേട്ടയാടി. ഈ വേട്ടപ്പട്ടികളോട് മുഖാമുഖം നില്ക്കാനുള്ള ആർജ്ജവമാണ് ജയചന്ദ്രന്റെ വ്യക്തിസത്ത.



ഇത്രയും ജനസമ്മിതിയുണ്ടായിരുന്ന ഒരു പത്രപ്രവർത്തകൻ കേരളത്തിലുണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. ഈ ജനസമ്മിതി മാധ്യമ നിർമിതമായിരുന്നില്ല. കെ.ജയചന്ദ്രൻ എന്ന ബൈലയിനല്ല ജയചന്ദ്രനെ പ്രസിദ്ധമാക്കിയത്, മറിച്ച് ഇടപഴകലായിരുന്നു. പത്രപ്രവർത്തകൻ എന്നതിലുപരി വ്യക്തിയായിരുന്നു ജയചന്ദ്രനെ കേരള ജനതയോട് അടുപ്പിച്ചത്. 'വാർത്ത' കളേക്കാളേറെ, അത്തരം സംഭവങ്ങളോടുള്ള ഉള്ളറിഞ്ഞ ഇഴുകിച്ചേരലായിരുന്നു ജയചന്ദ്രന്റെ പത്രപ്രവർത്തനത്തേക്കാളേറെ ജനങ്ങൾ മാനിച്ചത്. വാർത്താമാധ്യമങ്ങൾ, തന്റെ പ്രവർത്തനങ്ങൾക്ക് ഒരു മാധ്യമം എന്നതിലുപരി മറ്റൊന്നായി ജയൻ പരിഗണിച്ചിരുന്നില്ല.

മലയാള പത്രപ്രവർത്തനത്തിന് കെ.ജയചന്ദ്രന്റെ സംഭാവന ഏറെക്കാലം ചർച്ചചെയ്യപ്പെട്ടേക്കാവുന്ന വിഷയമായിരിക്കും. സ്വന്തം മൂല്യബോധത്തെ മാധ്യമക്കുത്തകകൾക്ക് അടിയറ വയ്ക്കാതെ ജീവിക്കാൻ ശ്രമിച്ച ഇവന്റെ ജീവിതം വരും തലമുറയ്ക്ക് അഴിക്കാനാവാത്ത സമസ്യയായി തുടരും. അതായിരുന്നു ജയചന്ദ്രൻ.